Tel : Office2327276
: Director 2328549
: Thaliru
Office2333790

# KERALA STATE INSTITUTE OF CHILDREN'S LITERATURE

(Department of Cultural Affairs - Government of Kerala)
THIRUVANANTHAPURAM - 695 034

No 1017/G/2011/CL Date 6-12-2011

പ്രസിദ്ധീകരണത്തിന്

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്**
**'ബാലസാഹിത്യ പുരസ്കാരം –2011' ന് കൃതികൾ ക്ഷണിക്കുന്നു.**

കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് 2011 ലെ ബാലസാഹിത്യ പുരസ്കാരങ്ങൾക്ക് എഴുത്തുകാരിൽ നിന്നും പ്രസാധകരിൽ നിന്നും കൃതികൾ ക്ഷണിക്കുന്നു. കഥ/നോവൽ , നാടകം, കവിത, നാടോടിക്കഥ/പുരാണ/ഇതിഹാസ പുനരാഖ്യാനം, ശാസ്ത്രം, വൈജ്ഞാനികം (ശാസ്ത്രം ഒഴികെ), ജീവചരിത്രം/ആത്മകഥ, ചിത്രീകരണം, ചിത്രപുസ്തകം, പുസ്തക ഡിസൈൻ/പ്രൊഡക്ഷൻ എന്നിങ്ങനെ 10 വിഭാഗങ്ങളിലെ പുരസ്കാരങ്ങൾക്കായി കൃതികൾ സമർപ്പിക്കാവുന്നതാണ്. ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥാപക ഡയറക്ടറായിരുന്ന ശ്രീ ഏബ്രഹാം ജോസഫിന്റെ പേരിലുള്ളതാണ് നാടകവിഭാഗത്തിലുള്ള പുരസ്കാരം ശ്രീ പി.ടി. ഭാസ്ക്കരപ്പണിക്കരുടെ പേരിലുള്ളതാണ് ശാസ്ത്രവിഭാഗത്തിനുള്ള പുരസ്കാരം. ഓരോ പുരസ്കാരവും 10,000/– രൂപയും പ്രശസ്തിപത്രവും ശില്പവും അടങ്ങുന്നതാണ്.

2006, 2007, 2008, 2009, 2010 വർഷങ്ങളിൽ ആദ്യ പതിപ്പായി പ്രസിദ്ധീകരിച്ച കൃതികളാണ് പത്ത് വിഭാഗങ്ങളിലുള്ള പുരസ്കാരത്തിന് പരിഗണിക്കുക. മുൻ വർഷങ്ങളിൽ പുരസ്കാരം ലഭിച്ച എഴുത്തുകാരുടെ രചനകൾ അതേ വിഭാഗത്തിൽ വീണ്ടും പരിഗണിക്കുന്നതല്ല. എന്നാൽ മറ്റ് വിഭാഗങ്ങളിലേക്ക് അവർക്കു കൃതികൾ അയയ്ക്കാം.

രചയിതാക്കളും പ്രസാധകരും പുസ്തകങ്ങളുടെ നാലു പ്രതികൾ വീതം **ഡയറക്ടർ, കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം 695 034** എന്ന വിലാസത്തിൽ അയയ്ക്കണം. കവറിന് പുറത്ത് "ബാലസാഹിത്യ പുരസ്കാര പരിഗണനയ്ക്ക്" എന്ന് എഴുതേണ്ടതാണ്. കൃതികൾ ലഭിക്കേണ്ട അവസാന തീയതി 2011 ഡിസംബർ 31 വിശദവിവരങ്ങൾ ഇൻസ്റ്റിറ്റ്യൂട്ട് വെബ്സൈറ്റായ www.ksicl.org - ലും ലഭ്യമാണ്.

**പ്രൊഫ. തുമ്പമൺ തോമസ്**
ഡയറക്ടർ (ഇൻ ചാർജ്)
കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്